**പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ പാസാക്കുന്നതിനാവശ്യമായ സംസ്ഥാന നിയമസഭയുടെ നിയമനിർമ്മാണപരമായ യോഗ്യതയെക്കുറിച്ച് കേന്ദ്രം സംസ്ഥാന സർക്കാറിനോട് വിശദീകരണം ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ നിയമനിർമ്മാണപരമായ യോഗ്യതയെ അടിസ്ഥാനപ്പെടുത്തിയുള്ള ഭരണഘടനാ വകുപ്പുകളെ വിശദമായി വിലയിരുത്തുകയും ബില്ലിന്റെ ബൃഹത്തായ സാമൂഹികവും രാഷ്ട്രീയവുമായ ധ്വനികളെ അപഗ്രഥിക്കുകയും ചെയ്യുന്നു**

**അഡ്വ. സുജിത്ത് കൂനൻ**

# പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന്റെ ഭരണഘടനാപരമായ യോഗ്യത

**1984** ലെ ഭോപ്പാൽ വാതകദുരന്തം മുതൽ, വ്യക്തികൾക്കും സ്വത്തിനും പരിസ്ഥിതിയ്ക്കും വ്യവസായങ്ങൾ മുഖേന സംഭവിച്ച നാശനഷ്ടങ്ങളും അവയ്ക്കു പകരം നൽകേണ്ട പരിഹാരത്തെ സംബന്ധിച്ചുള്ള തർക്കങ്ങളും ഇന്ത്യയിലെ നിയമവ്യവസ്ഥയ്ക്ക് അത്യന്തം സുപ്രധാനമായ വെല്ലുവിളിയാണുയർത്തിയിരിക്കുന്നത്. ഈ നിയമപരമായ വെല്ലുവിളിയെ ജനശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പ്രതീകമായി പ്ലാച്ചിമട സമരവും ഉയർന്നിരിക്കുന്നു.

ഭൂഗർഭജലത്തിന്റെ നിയന്ത്രണവും ഉപയോഗവും സംബന്ധിക്കുന്ന പ്രശ്നം സുപ്രീംകോടതി മുമ്പാകെ നിലനിൽക്കുന്ന പ്ലാച്ചിമട നിയമതർക്കത്തിന്റെ ഭാഗമാണെങ്കിലും ബാദ്ധ്യതയെയും നഷ്ടപരിഹാരത്തെയും കുറിച്ചുള്ള തർക്കങ്ങൾ അതിന്റെ ഭാഗമായി വരുന്നില്ല. ഇതിന്റെ പശ്ചാത്തലത്തിലാണ് കേരള നിയമസഭയിൽ 2011 ഫെബ്രുവരി 24 -ാം തിയ്യതി കൊക്കകോള വിക്ടിംസ് റിലീഫ് & കോംപൻസേഷൻ ക്ലെയിംസ് ട്രിബ്യൂണൽ ബിൽ പാസാക്കിയത്. (പിന്നീട് ഇത് പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ എന്നറിയപ്പെടുന്നു.) ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്. ഇത്തരത്തിലുള്ള ഒരു നിയമം പാസാക്കുന്നതിനാവശ്യമായ സംസ്ഥാന നിയമസഭയുടെ നിയമനിർമ്മാണപരമായ യോഗ്യതയെക്കുറിച്ച് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാറിനോട് വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണിപ്പോൾ.

പാർലമെന്റ് പുറപ്പെടുവിച്ചതും ഇപ്പോൾ നിലനിൽക്കുന്നതുമായ പരിസ്ഥിതി സംരക്ഷണനിയമം, 1986, ദേശീയ ഹരിത ട്രിബ്യൂണൽ ആക്ട്, 2010 എന്നീ നിയമങ്ങൾ പ്രസ്തുത പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിനെ അസാധുവാക്കും എന്ന വാദത്താലാണ് കേരള സർക്കാർ ഇവിടെ വ്യാപകമായി ചോദ്യം ചെയ്യപ്പെടുന്നത്. 1968 ൽ കേരള നിയമസഭ പാസാക്കിയ ഉത്തരവ് പ്രകാരം ഗാർഹികവും വ്യവസായികവുമായ അവശിഷ്ടങ്ങൾ മുഖേനയുള്ള ജലമലിനീകരണം തടയുന്നതിനാവശ്യമാ

പരിഭാഷ:
അഡ്വ. മനുപ്രകാശ്



യ നിയമങ്ങൾ പാസാക്കുന്നതിനുള്ള അധികാരം പാർലമെന്റിലാണ് നിക്ഷിപ്തമായിരിക്കുന്നത്. പ്രസ്തുത ബിൽ, 1968 ൽ പുറപ്പെടുവിച്ച ഉത്തരവിൽ പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളുന്നതിനാൽ ബിൽ കേരള നിയമസഭയുടെ പരിധിയിൽ വരുന്ന ഒന്നല്ല എന്നും പറയുന്നു.

ഒരു നിയമത്തിന്റെ ഭരണഘടനാപരമായ സാധുത പ്രധാനമായും രണ്ട് കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു. 1. മൗലികാവകാശങ്ങളുടെ ലംഘനം 2. നിയമനിർമ്മാണപരമായ യോഗ്യതയെ അടിസ്ഥാനപ്പെടുത്തിയുള്ള ഭരണഘടനാ വകുപ്പുകളുടെ ലംഘനം. മൗലികാവകാശ ലംഘനത്തെ ചെല്ലിയുള്ള ചോദ്യം ബില്ലിന്റെ പശ്ചാത്തലത്തിൽ ഉയരാത്തതിനാൽ ഈ ലേഖനം കേന്ദ്രീകരിച്ചിരിക്കുന്നത് രണ്ടാമത്തെ പ്രശ്നത്തിലാണ്, അതായത് കേരള സർക്കാറിന്റെ ബിൽ പാസാക്കുവാനുള്ള നിയമനിർമ്മാണപരമായ യോഗ്യതയെപ്പറ്റിയുള്ള പ്രശ്നത്തിൽ.

**കേസുകൾ തീരുമാനിക്കുമ്പോൾ ട്രിബ്യൂണൽ പാലിക്കേണ്ടതായ നിയമങ്ങളെയും തത്ത്വങ്ങളെയും കുറിച്ച് പ്രതിപാദിക്കുന്ന വകുപ്പുകൾ ബില്ലിലുണ്ട്. 'തർക്കം' എന്ന വാക്കിനെ നിർവചിക്കുന്ന വകുപ്പ് 'പരിസ്ഥിതി, വായു, ജലം എന്നിവയുടെ മലിനീകരണത്തെ സംബന്ധിക്കുന്ന നിയമങ്ങൾ' എന്ന പദം പ്രയോഗിക്കുന്നുണ്ട്. പരിസ്ഥിതി മലിനീകരണ നിയന്ത്രണ നിയമങ്ങളാണ് ട്രിബ്യൂണൽ നടപ്പിലാക്കേണ്ട നിയമ ചട്ടക്കൂട് എന്നതാണ് ഇതുകൊണ്ട് വിശാലമായി അർത്ഥമാക്കുന്നത്.**

## പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ, 2011

പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന്റെ രൂപീകരണം, പ്ലാച്ചിമട സമരത്തിന്റെ ഭാഗമായുള്ള ഏറ്റവും പുതിയ ഒരു നിയമവികാസമാണ്. കമ്പനിയും പെരുമാട്ടി ഗ്രാമപഞ്ചായത്തും തമ്മിലുള്ള നിയമതർക്കം അത്യന്തം സുപ്രധാനമായ ഒരു നിയമവികാസത്തിന് രൂപം നൽകിയിരുന്നു. പഞ്ചായത്ത് കമ്പനിയ്ക്ക് ലൈസൻസ് പുതുക്കുവാൻ വിസമ്മതിച്ചപ്പോഴും ഭൂഗർഭജലം അനധികൃതമായി ഊറ്റിയെടുത്ത് ജലദൗർലഭ്യമുണ്ടാക്കിയപ്പോൾ കമ്പനി പൂട്ടുവാൻ നിർദ്ദേശിച്ചപ്പോഴുമാണ് നിയമതർക്കം ഉടലെടുക്കുന്നത്. തർക്കം ഒടുവിൽ ഹൈക്കോടതി വരെ എത്തി. അതിനിടയിൽ കേരള മലിനീകരണ നിയന്ത്രണ ബോർഡ്, 2003 ൽ ഭേദഗതി വരുത്തിയ മാരകമാലിന്യം (മാനേജ്മെന്റും കൈകാര്യം ചെയ്യലും ചട്ടങ്ങൾ Hazardous Waste (Management & Handling Rules) ന്റെ വകുപ്പുകൾ പാലിക്കുന്നതുവരെ കമ്പനി പൂട്ടുവാൻ നിർദ്ദേശിച്ചു. അടച്ചു പൂട്ടുന്നതിനുള്ള ഉത്തരവ് കേരള മലിനീകരണ നിയന്ത്രണ ബോർഡ് പുറപ്പെടുവിക്കുന്നതിനുള്ള കാരണം കമ്പനി നിയമാനുസൃതമല്ലാതെ നിക്ഷേപിക്കുവാൻ തുടങ്ങിയ അപകടകരമായ മാലിന്യാവശിഷ്ടങ്ങളായിരുന്നു.

ഭൂഗർഭജലം ഊറ്റിയെടുത്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് കമ്പനി പൂട്ടുവാൻ നിർദ്ദേശിക്കുന്നതിനുള്ള അധികാരമില്ലെന്ന് ഹൈക്കോടതിയിലെ ഏകാംഗബെഞ്ച് പറഞ്ഞു. അതേ സമയം സ്വന്തം പരിധിക്കകത്തുള്ള ഭൂഗർഭജലത്തിന്റെ ഉപയോഗത്തെ നിയന്ത്രിക്കുന്നതിനും നിരോധിക്കുന്നതിനുമുള്ള പഞ്ചായത്തിന്റെ അധികാരത്തെ ഏകാംഗബെഞ്ച് ഉയർത്തിക്കാട്ടുകയും ചെയ്തു. വെള്ളം മണ്ണിനടിയിൽ നിന്നും ഇനിയും എടുക്കുന്നത് അനുവദനീയമല്ലെന്നും വെള്ളത്തിനായി മറ്റു ഉറവിടങ്ങൾ കണ്ടെത്താൻ കമ്പനിയോടാവശ്യപ്പെടുവാൻ പഞ്ചായത്തിനു കഴിയും എന്നുമാണ് ഏകാംഗബെഞ്ചിന്റെ വിധിയിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്ന നിയമവശം.

ഏകാംഗബെഞ്ചിന്റെ വിധി ഹൈക്കോടതിയിലെ ഡിവിഷൻ ബഞ്ചിനു മുന്നിൽ ചോദ്യം ചെയ്യപ്പെട്ടു. ഡിവിഷൻ ബഞ്ച് തത്വത്തിൽ ഭൂമിക്കടിയിൽ നിന്നും വെള്ളമെടുക്കുന്നത് ഭൂമിയുടെ ഉടമസ്ഥന്റെ സ്വകാര്യസ്വത്താവകാശത്തിന്റെ ഭാഗമാണെന്ന് വാദിച്ചു കൊണ്ട് ഏകാംഗബെഞ്ചിന്റെ വിധിയെ ഖണ്ഡിച്ചു. ഈ സ്വകാര്യസ്വത്താവകാശത്തെ നിയന്ത്രിക്കേണ്ടത് നിയമനിർമ്മാണത്തിലൂടെ മാത്രമെ ആകാവൂ എന്ന് ഡിവിഷൻബെഞ്ച് വാദിച്ചു. പ്രസ്തുത കേസ് ഇപ്പോൾ സുപ്രീം കോടതിയിൽ നിലനിൽക്കുകയാണ്.

കേരള ഭൂഗർഭജല നിയന്ത്രണ ക്രമീകരണ നിയമം 2002, (Kerala Ground Water (Control and Regulation Act 2002) ന്റെ രൂപീകരണമാണ് മറ്റൊരു പ്രധാന നിയമപുരോഗതി. ഇപ്പോൾ നിലനിൽക്കുന്ന നിയമ തർക്കവുമായി വച്ചു നോക്കിയാൽ ഈ നിയമം പ്രത്യക്ഷത്തിൽ പ്രസക്തമല്ല. അതിനു പ്രധാനമായും രണ്ട് കാരണങ്ങളുണ്ട്. ആദ്യമായി, നിയമയുദ്ധം തുടങ്ങുമ്പോൾ ഈ നിയമം നിലവിലുണ്ടായിരുന്നില്ല. രണ്ടാമതായി ഭൂഗർഭജലം ഊറ്റിയെടുക്കു

ന്നത് നിർത്തുവാൻ കമ്പനിയോട് മേൽ പറഞ്ഞ നിയമത്തിന്റെ പിൻബലത്തിൽ നിർദ്ദേശിക്കുവാൻ പെരുമാട്ടി പഞ്ചായത്തിന് കഴിയുമായിരുന്നില്ല. എന്തെന്നാൽ, നിയമം നിലനിന്നിരുന്നെങ്കിൽ കൂടി സ്വന്തം അധികാര പരിധിയിലുള്ള ഭൂഗർഭജലോപയോഗത്തെ നിയന്ത്രിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് ഈ നിയമം നൽകുന്നില്ല. അതിനു പകരമായി ജലോപയോഗം നിയന്ത്രിക്കുന്നതിനായി വേറിട്ട ഒരു ഭൂഗർഭജല അതോറിറ്റിക്ക് നിയമം രൂപം നൽകുന്നു. എന്തായാലും വിശാലമായ അർത്ഥത്തിൽ ഈ നിയമം പ്രസക്തമാണ്. കാരണം. ഭൂമിയുടെ ഉടമസ്ഥൻ മണ്ണിൽ നിന്നും ജലമെടുക്കുന്നത് നിയന്ത്രിക്കുന്നതിനുള്ള നിയമാടിസ്ഥാനം ഈ നിയമം പ്രദാനം ചെയ്യുന്നു. ഭാവിയിൽ പ്ലാച്ചിമട പോലുള്ള സംഭവങ്ങൾ ആവർത്തിക്കുന്നത് തടയുവാനുള്ള കരുത്തും ഈ നിയമത്തിനുണ്ട്.

നിയമപരമായ കാഴ്ചപ്പാടിൽ കേരളമലിനീകരണനിയന്ത്രണ ബോർഡ് 2004 ൽ പുറപ്പെടുവിച്ച കമ്പനി അടച്ചുപൂട്ടുവാനുള്ള ഉത്തരവ് മറ്റൊരു പ്രധാന സംഭവവികാസമാണ്. കേരള മലിനീകരണ നിയന്ത്രണ ബോർഡ് അത്തരത്തിലുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനു പിന്നിലുള്ള പ്രധാനകാരണം വ്യവസായങ്ങളിൽ നിന്നും പുറന്തള്ളപ്പെടുന്ന അപകടകരവും മാരകവുമായ മാലിന്യാവശിഷ്ടങ്ങളെ കുറിച്ചുള്ള സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ കണ്ടെത്തലുകളായിരുന്നു. 2003 ൽ ഭേദഗതി വരുത്തിയ മാരകമാലിന്യം മാനേജ്മെന്റും കൈകാര്യം ചെയ്യലും ചട്ടങ്ങൾ 1989 ന്റെ വകുപ്പുകൾ പാലിക്കുന്നതുവരെ കമ്പനിയോട് ഫാക്ടറി അടച്ചുപൂട്ടുവാൻ കേരള മലിനീകരണ നിയന്ത്രണ ബോർഡ് ആവശ്യപ്പെട്ടു. 2004 ലെ കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അടച്ചുപൂട്ടൽ ഉത്തരവ് മുതൽ കമ്പനി അടഞ്ഞുതന്നെ കിടക്കുന്നു.

കഴിഞ്ഞ ദശകത്തിൽ പ്ലാച്ചിമട പ്രശ്നത്തെ സംബന്ധിച്ച് നിരവധി പ്രസക്തമായ പുരോഗതികൾ ഉണ്ടായിട്ടുണ്ട്. സുപ്രീം കോടതി മുമ്പാകെയുള്ള നിയമതർക്കവും കേരള മലിനീകരണ ബോർഡ്, കേന്ദ്ര മലീനീകരണ നിയന്ത്രണ ബോർഡ്, സുപ്രീംകോടതി മോണിറ്ററിംഗ് കമ്മറ്റി എന്നീ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള ഇടപെടലുകളും ഇവയിൽപ്പെടുന്നു. എന്നാൽ ബാദ്ധ്യതയെ പറ്റിയും നഷ്ടപരിഹാരത്തെപ്പറ്റിയുമുള്ള പ്രശ്നങ്ങൾ ഇവയുടെ ഭാഗമായിരുന്നില്ല. അപകടകരമായ മാലിന്യ നിക്ഷേപങ്ങൾ കൊണ്ടുള്ള മലിനീകരണത്തിന്റെ അടിസ്ഥാനത്തിൽ കേരള മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനി അടച്ചു പൂട്ടുവാൻ ഉത്തരവിട്ടെങ്കിലും കമ്പനി വരുത്തി വച്ച നഷ്ടപരിഹാരത്തിന്റെ അളവ് എന്തെന്ന് നിശ്ചയിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിക്കുകയുണ്ടായില്ല.

നഷ്ടപരിഹാരത്തെ സംബന്ധിച്ചുണ്ടായ ഏറ്റവും പ്രധാനമായ സംഭവവികാസം പ്ലാച്ചിമടയിൽ സംഭവിച്ച നാശനഷ്ടങ്ങളുടെ വ്യാപ്തിയും പ്രകൃതവും നിശ്ചയിക്കുന്നതിനായി കേരള ഗവൺമെന്റ് 2009 മെയ് മാസത്തിൽ ഒരു ഉന്നതാധികാര സമിതിയെ രൂപീകരിച്ചതാണ്. ഉന്നതാധികാര സമിതി മാർച്ച് 2010 ൽ തന്നെ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു. കമ്പനിയിൽ നിന്ന് ഈടാക്കേണ്ട ന്യായമായ നഷ്ടപരിഹാരത്തുക 216.26 കോടി രൂപയാണെന്ന് റിപ്പോർട്ട് കണക്കുകൂട്ടി. കമ്പനി മൂലമുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്താനും പ്രസ്തുത തുക കമ്പനിയിൽ നിന്നും ഈടാക്കുന്നതിനും വേണ്ടി പ്രത്യേക ട്രിബ്യൂണൽ രൂപീകരിക്കുവാൻ ഉന്നതാധികാരസമിതി ശുപാർശ ചെയ്തു. ഈയൊരു പശ്ചാത്തലത്തിലാണ് കേരള നിയമസഭ പ്ലാച്ചിമട നഷ്ടപരിഹാര ബിൽ പാസാക്കിയത്.

## മൗലികഘടകങ്ങൾ

ജനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും ജനങ്ങളും കമ്പനിയും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനുമായി പ്രത്യേക ട്രിബ്യൂണൽ രൂപീകരിക്കുവാൻ ബിൽ ആവശ്യപ്പെടുന്നു. പാരിസ്ഥിതികപ്രശ്നങ്ങൾ പരിഹരിക്കേണ്ട ട്രിബ്യൂണലായതിനാൽ നിയമവിഷയത്തിനു പുറമെ ശാസ്ത്ര സാങ്കേതിക വിഷയങ്ങളിലും വിദഗ്ധരായവർ ട്രിബ്യൂണലിൽ അംഗങ്ങളായിരിക്കും. ട്രിബ്യൂണലിന് മൂന്ന് അംഗങ്ങളുണ്ടായിരിക്കും. ഒരു നിയമവിദഗ്ധനായിരിക്കും ട്രിബ്യൂണലിന്റെ ചെയർപേഴ്സൺ. സർക്കാർ സർവ്വീസിലുള്ള ഒരു എഞ്ചിനീയറും പാരിസ്ഥിതിക വിഷയങ്ങളിൽ അറിവും അനുഭവവുമുള്ള ഒരു വ്യക്തിയും ആയിരിക്കും മറ്റംഗങ്ങൾ.

ബില്ലിൽ 'തർക്കം' എന്ന വാക്കിന് സവിശേഷമായ അർത്ഥവും സാധ്യതയുമുണ്ട്. 'തർക്കം' എന്ന് ബില്ലിൽ നിർവ്വചിക്കപ്പെട്ട പദം രണ്ട് മുന്നുപാധികളോട് സംയോജിക്കപ്പെട്ടിരിക്കും. ആദ്യമായി, തർക്കത്തിലേർപ്പെട്ട കക്ഷി കളിൽ ഒന്ന് കമ്പനിയും രണ്ടാമത്തേത് പെരുമാട്ടി, പട്ടഞ്ചേരി, എന്നീ പഞ്ചായത്തുകളിലെ ജനങ്ങളുമാണ്. പഞ്ചായത്തുകളുടെ പട്ടികയെ ആവശ്യത്തിനനുസരിച്ച് വിപുലീകരിക്കുവാനുള്ള അധികാരം സംസ്ഥാനഗവൺമെന്റിന് ബിൽ നൽകുന്നുണ്ട്. സമീപത്തുള്ള മറ്റുഗ്രാമ പ്രദേശങ്ങളെയും നഷ്ടങ്ങൾക്ക് വിധേയരായിട്ടുണ്ടെങ്കിൽ പട്ടികയിലുൾപ്പെടുത്തുവാനുള്ള അധികാരം സംസ്ഥാന സർക്കാറിനുണ്ട്.

രണ്ടാമതായി പരിസ്ഥിതി, വായു, ജലം എന്നിവയുടെ മലിനീകരണത്തെ സംബന്ധിച്ചതായ നിയമവകുപ്പുകളുടെ ലംഘനത്തിൽ നിന്നും ഉരുത്തിരിയുന്ന ഏതൊരു പ്രശ്നവും തർക്ക വിഷയമായി പരിഗണിക്കാം. ആയതിനാൽ ട്രിബ്യൂണലിനു മുമ്പാകെയുള്ള പ്രധാനമായ നിയമപരമായ ചോദ്യങ്ങൾ താഴെ പറയുന്നവയായിരിക്കും.

*1. പരിസ്ഥിതി, വായു, ജലം എന്നിവയുടെ മലിനീകരണത്തെ സംബന്ധിച്ച ഏതെങ്കിലും നിയമത്തെ കമ്പനി ലംഘിച്ചിട്ടുണ്ടോ ?*

*2. അത്തരത്തിലുള്ള ഒരു ലംഘനം പെരുമാട്ടി, പട്ടഞ്ചേരി പഞ്ചായത്തുകളിലേയോ, സംസ്ഥാന ഗവൺമെന്റ് തിരിച്ചറിഞ്ഞിട്ടുള്ള മറ്റേതെങ്കിലും പഞ്ചായത്തുകളിലെയോ സ്ഥല നിവാസികൾക്ക് കഷ്ടനഷ്ടങ്ങൾ വരുത്തിയിട്ടുണ്ടോ?*

തർക്കം ട്രിബ്യൂണലിനു മുമ്പാകെ മൂന്ന് രീതിയിൽ കൊണ്ടുവരാം. ആദ്യമായി, നഷ്ടപരിഹാരത്തിനായുള്ള കേടുപാടുകൾ സംഭവിച്ച സ്വത്ത് മുൻസ്ഥിതിയിലാക്കുന്നതിനുമായുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനായുള്ള യഥാർത്ഥ ന്യായാധികാരം ട്രിബ്യൂണലിനുണ്ട്. രണ്ടാമതായി, ഏതൊരു കോടതിയിലോ അധികാരസ്ഥാപനത്തിലോ നിലനിൽക്കുന്ന തർക്കങ്ങൾ ട്രിബ്യൂണലിലേക്കു മാറ്റേണ്ടതായി ബിൽ പറയുന്നു, എന്നാൽ ഏതൊരു കോടതിയോ അധികാരസ്ഥാപനമോ എന്നതിൽ ഹൈക്കോടതിയും സുപ്രീംകോടതിയും ഉൾപ്പെടുന്നില്ല. ബില്ലിൽ പറയുന്ന തർക്കവിഷയങ്ങളുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലും സുപ്രീംകോടതിയിലും നിലനിൽക്കുന്ന കേസുകൾ ബില്ലിന് ബാധകമല്ല. മൂന്നാമതായി, സുപ്രീം കോടതിയിലും ഹൈക്കോടതിയിലും നില

നിൽക്കുന്ന കേസുകൾക്ക് ബിൽ ബാധകമാകുന്നില്ലെങ്കിലും കമ്പനിയുമായി ബന്ധപ്പെട്ട് ട്രിബ്യൂണലിന് പരിഹരിക്കുവാൻ അധികാരമുള്ള ഏതൊരു തർക്കവും ട്രിബ്യൂണലിലേയ്ക്ക് മാറ്റുന്നതിനുള്ള വിവേചനാധികാരം ബിൽ ഹൈക്കോടതിക്ക് നൽകുന്നുണ്ട്. ഹൈക്കോടതിയിൽ നിന്നു ട്രിബ്യൂണലിലേയ്ക്ക് കേസ് മാറുന്ന അത്തരം സന്ദർഭങ്ങളിൽ ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒരു കേസ് പോലെ തന്നെയായിരിക്കും മാറ്റിയ കേസിനെയും പരിഗണിക്കുക.

കേസുകൾ തീരുമാനിക്കുമ്പോൾ ട്രിബ്യൂണൽ പാലിക്കേണ്ടതായ നിയമങ്ങളെയും തത്ത്വങ്ങളെയും കുറിച്ച് പ്രതിപാദിക്കുന്ന വകുപ്പുകൾ ബില്ലിലുണ്ട്. 'തർക്കം' എന്ന വാക്കിനെ നിർവചിക്കുന്ന വകുപ്പ് 'പരിസ്ഥിതി, വായു, ജലം എന്നിവയുടെ മലിനീകരണത്തെ സംബന്ധിക്കുന്ന നിയമങ്ങൾ' എന്ന പദം പ്രയോഗിക്കുന്നുണ്ട്. പരിസ്ഥിതി മലിനീകരണ നിയന്ത്രണ നിയമങ്ങളാണ് നടപ്പിലാക്കേണ്ട നിയമ ചട്ടക്കൂട് എന്നതാണ് ഇതുകൊണ്ട് വിശാലമായി അർത്ഥമാക്കുന്നത്. അടുത്തതായി, പരിസ്ഥിതിക്ക് താങ്ങാവുന്ന സുസ്ഥിരവികസനം, മുൻകരുതൽ തത്ത്വം, മലിനീകരണം നടത്തുന്നയാൾ തന്നെ അതിനുള്ള പരിഹാരം നൽകണം എന്നീ തത്ത്വങ്ങൾ ട്രിബ്യൂണലിനോട് നിർബന്ധമായും നടപ്പിലാക്കേണ്ടതിനെപ്പറ്റി ബിൽ പരാമർശിക്കുന്നു. അങ്ങനെ പരിസ്ഥിതി, ജലം, വായു എന്നിവയുടെ മലിനീകരണത്തെ സംബന്ധിച്ച നിയമങ്ങളും മേൽപറഞ്ഞ മൂന്ന് പാരിസ്ഥിതിക നിയമതത്വങ്ങളും അടങ്ങിയതാണ് ട്രിബ്യൂണൽ നടപ്പിലാക്കേണ്ട നിയമചട്ടക്കൂട്.

## പ്രസക്തമായ ഭരണഘടനാവകുപ്പുകൾ

**1. നിയമനിർമ്മാണാധികാരത്തിന്റെ വിഭജനം**

ഭരണഘടനയുടെ ഏഴാം വകുപ്പ് സംസ്ഥാന സർക്കാറിനും കേന്ദ്ര സർക്കാറിനും നിയമനിർമ്മാണം നടത്തുവാനുള്ള വിഷയങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വ്യത്യസ്ത ലിസ്റ്റുകൾ നൽകുന്നു. ഏഴാം വകുപ്പ് പ്രധാനമായും മൂന്ന് ലിസ്റ്റുകൾ ഉൾക്കൊള്ളുന്നു. ലിസ്റ്റ് 1, 2, 3. ലിസ്റ്റ് ഒന്നായ യൂണിയൻ ലിസ്റ്റ് കേന്ദ്രത്തിന് നിയമങ്ങളുണ്ടാക്കാവുന്ന വിഷയങ്ങളെ പരാമർശിക്കുന്നു. ലിസ്റ്റ് രണ്ടായ സംസ്ഥാന ലിസ്റ്റ് സംസ്ഥാനത്തിന് മാത്രമായി ഏതെല്ലാം വിഷയങ്ങളെക്കുറിച്ച് നിയമങ്ങളുണ്ടാക്കാം എന്ന് പരാമർശിക്കുന്നു. മൂന്നാമത്തെ ലിസ്റ്റായ കൺകറന്റ് ലിസ്റ്റിൽ യൂണിയൻ ഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റിനും ഒരുമിച്ച് നിയമങ്ങളുണ്ടാക്കാൻ കഴിയുന്ന വിഷയങ്ങളെ പരാമർശിക്കുന്നു. ഈ മൂന്ന് ലിസ്റ്റുകളിലും ഉൾപ്പെടാത്ത വിഷയങ്ങളെക്കുറിച്ച് നിർമ്മാണം നടത്തുവാനുള്ള അധികാരം ഭരണഘടനയിലെ 248 -ാം അനുഛേദപ്രകാരം കേന്ദ്ര സർക്കാറിനാണ്.

സ്റ്റേറ്റ് ലിസ്റ്റിൽ പറയുന്ന വിഷയങ്ങളെ സംബന്ധിച്ച് ചില പ്രത്യേകസാഹചര്യങ്ങളിൽ ഭരണഘടനാപ്രകാരം പാർലമെന്റിന് നിയമം നിർമ്മിക്കാവുന്നതാണ്. ആർട്ടിക്കിൾ 249 പ്രകാരം ദേശീയ താല്പര്യത്തെ സംബന്ധിച്ചും ആർട്ടിക്കിൾ 250 പ്രകാരം അടിയന്തിരാവസ്ഥ നിലനിൽക്കുമ്പോഴും ആർട്ടിക്കിൾ 252 പ്രകാരം രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ ഒന്നിച്ച് നിയമനിർമ്മാണത്തിനുള്ള അധികാരം പാർലമെന്റിൽ അർപ്പിച്ചുകൊണ്ട് പ്രമേയം പാസാക്കുമ്പോഴുമാണ് അവ.

ഒട്ടനവധി വകുപ്പുകളോടുകൂടിയ മൂന്ന് ലിസ്റ്റുകളുടെ നിലനിൽപ്പ് നിയമങ്ങൾ തമ്മിൽ പരസ്പരം ഏറ്റുമുട്ടുന്നതിനും ഒരു നിയമം മറ്റൊന്നിനെ മറികടക്കുന്നതിനും വഴിതെളിയിക്കുന്നു. പ്രശ്നമുയരുന്നത് കേന്ദ്രവും സംസ്ഥാനവും പരസ്പരം മറ്റൊന്നിന്റെ അധികാരത്തിലേയ്ക്ക് അതിക്രമിക്കുമ്പോഴാണ്. യൂണിയനോ സംസ്ഥാനമോ മറ്റൊന്നിന്റെ അധികാരാതിർത്തിക്കകത്തേക്ക് കടക്കുമ്പോൾ അധികാരപരിധി ലംഘിക്കുന്ന നിയമം അസാധുവായി പ്രഖ്യാപിക്കപ്പെടും. ഏത് ലിസ്റ്റോ വകുപ്പോ ആയിട്ടാണ് നിയമങ്ങൾ ബന്ധപ്പെട്ടിരിക്കുന്നത് എന്ന് തീരുമാനിക്കേണ്ട അത്തരം സാഹചര്യങ്ങളിൽ ഇരുനിയമങ്ങളുടെയും വിഷയവും സാരാംശവും ആഴത്തിൽ പരിശോധിച്ചറിയേണ്ടതുണ്ട്. നിയമങ്ങളുടെ സാരാംശവും ലക്ഷ്യവും ഉൾക്കാമ്പിൽ പരിശോധിച്ചറിയേണ്ട തത്വത്തെ ഡോക്ട്രിൻ ഓഫ് പിത്ത് ആന്റ് സബ്സ്റ്റൻസ് എന്നാണ് പറയുന്നത്. ഈ തത്വം പ്രാവർത്തികമാക്കിക്കൊണ്ടാണ് നിയമങ്ങളും ഭരണഘടനയിലെ ലിസ്റ്റുകളുമായുള്ള ബന്ധത്തെ തിരിച്ചറിയേണ്ടത്. സുപ്രീംകോടതി, പ്രഫുല്ലകുമാർ മുഖർജി Vs ബാങ്ക് ഓഫ് കൊമേഴ്സ് എന്ന കേസിലെ പ്രിവി കൗൺസിലിന്റെ വിധിയിൽ വിശ്വാസമർപ്പിച്ചുകൊണ്ട് പറയുകയുണ്ടായി. ചോദ്യം ചെയ്യപ്പെട്ടിരിക്കുന്ന നിയമം ഒരിക്കൽ അതിന്റെ സാരാംശവും ലക്ഷ്യവും പരിശോധിച്ച ശേഷം സംസ്ഥാന സർക്കാറിന് അനുവദിച്ച വിഷയവുമായി ബന്ധപ്പെട്ടതാണെന്നറിഞ്ഞാൽ പിന്നീട് യൂണിയന്റെ ഭാഗത്ത് നിന്നുള്ള കടന്നുകയറ്റം ആ നിയമം പാസ്സാക്കാനുള്ള സംസ്ഥാന സർക്കാറിന്റെ അധികാരത്തെ ബാധിക്കുന്നില്ല.

മേൽപറഞ്ഞിരിക്കുന്ന കടന്നുകയറ്റത്തിന്റെ അഭാവത്തിൽപ്പോലും കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും നിയമങ്ങൾ തമ്മിൽ ഏറ്റുമുട്ടാം. കൺകറന്റ് ലിസ്റ്റിൽ (ലിസ്റ്റ് 3) പരാമർശിച്ചിട്ടുള്ള വിഷയത്തെ ആസ്പദമാക്കി ഇരുകൂട്ടരും നിയമനിർമ്മാണം നടത്തുമ്പോഴാണ് അത് സംഭവിക്കുന്നത്. അത്തരം സാഹചര്യങ്ങളിൽ ഭരണഘടനയിലെ 254 -ാം വകുപ്പ് പ്രകാരം കേന്ദ്രനിയമം സംസ്ഥാന നിയമത്തിന് മേലെയായി നിൽക്കുകയും കേന്ദ്രനിയമവുമായുള്ള സംസ്ഥാന നിയമത്തിന്റെ പൊരുത്തക്കേടിന്റെ തോതനുസരിച്ച് സംസ്ഥാന നിയമം അസാധുവായി പ്രഖ്യാപിക്കപ്പെടുകയും ചെയ്യും.

**2. ട്രിബ്യൂണലുകളുടെ രൂപീകരണം**

ഭരണഘടനയിലെ അനുഛേദങ്ങൾ 323-A, 323-B ട്രിബ്യൂണലുകളുടെ രൂപീകരണത്തെ സൂചിപ്പിക്കുന്നു. ആർട്ടിക്കിൾ 323-A, പാർലമെന്റിന് സർക്കാർ സേവനവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള ട്രിബ്യൂണൽ സ്ഥാപിക്കുവാൻ അധികാരം നൽകുമ്പോൾ ആർട്ടിക്കിൾ 323-B ഏതെല്ലാം വിഷയങ്ങളെ അടിസ്ഥാനമാക്കി ഒരു ട്രിബ്യൂണൽ സ്ഥാപിക്കാം, എന്നിവ സൂചിപ്പിക്കുന്നു. എന്നാൽതന്നെയും ട്രിബ്യൂണലുകൾ സ്ഥാപിക്കുന്നതിനുള്ള അധികാരം ഭരണഘടനയിലെ 7-ാം പട്ടികയിൽ പറഞ്ഞിരിക്കുന്ന വകുപ്പുകൾ പ്രകാരം പരിമിതപ്പെടുത്തിയിരിക്കുന്നു. പാർലമെന്റിന് യൂണിയൻ ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് ട്രിബ്യൂണലുകൾ സ്ഥാപിക്കാനുള്ള അധികാരമുണ്ട്. സംസ്ഥാന സർക്കാറിന് സംസ്ഥാനലിസ്റ്റിൽ (ലിസ്റ്റ് 2) പറഞ്ഞിരിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് ട്രിബ്യൂണലുകൾ സ്ഥാപിക്കാം. കൺകറന്റ് ലിസ്റ്റിൽ (ലിസ്റ്റ് 3) പറഞ്ഞിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് കേന്ദ്ര സർക്കാറിനും സംസ്ഥാന സർക്കാറിനും ട്രിബ്യൂണലുകൾ സ്ഥാപിക്കാം.

**3. ബില്ലിന്റെ ഭരണഘടനാപരതയെ**

**സംബന്ധിച്ച പ്രശ്നങ്ങൾ**

എ) ട്രിബ്യൂണൽ രൂപീകരിക്കാനുള്ള അധികാരം

ബില്ലിന്റെ പ്രധാനലക്ഷ്യം, പ്രാദേശിക ജനതയും കമ്പനിയും തമ്മിലുള്ള തർക്കം പരിഹരിക്കുകയും കമ്പനിയുടെ പ്രവർത്തനം മൂലം ജനങ്ങളനുഭവിച്ച കഷ്ടനഷ്ടങ്ങൾക്ക് കമ്പനിയിൽ നിന്നും നഷ്ടപരിഹാരം തിരിച്ചു കിട്ടുന്നതിന് വേണ്ടി ഒരു പ്രത്യേക ട്രിബ്യൂണൽ സ്ഥാപിക്കുകയുമാണ്. പരിസ്ഥിതി, വായു, ജലം എന്നിവയുടെ മലിനീകരണത്തെ സംബന്ധിച്ചുള്ള നിയമങ്ങളുടെ വകുപ്പുകൾ ലംഘിക്കുന്നതിൽ നിന്നും ഉരുത്തിരിയുന്ന ഏതൊരു പ്രശ്നവും തർക്കത്തിന്റെ വിഷയമാകാം.

ആർട്ടിക്കിൾ 323-B എന്ന ട്രിബ്യൂണലുകളെ സംബന്ധിക്കുന്ന ഭരണഘടനാവകുപ്പിൽ ബില്ലിൽ ഉന്നയിച്ചിരിക്കുന്ന തർക്കവിഷയം വ്യക്തമായും വിശദീകരിച്ചിട്ടില്ല. ബില്ലിലെ തർക്ക വിഷയം നിയമന സേവന വ്യവസ്ഥകളെ സംബന്ധിച്ചല്ലാത്തതിനാൽ ആർട്ടിക്കിൾ 323-A യെ പറ്റി ഇവിടെ പരിഗണിക്കേണ്ടതില്ല. ബില്ലിലെ തർക്ക വിഷയം ആർട്ടിക്കിൾ 323-B യിൽ പരാമർശിച്ചിട്ടില്ലാത്തത് ബിൽ രൂപീകരിക്കുവാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ അധികാരത്തെ എടുത്തു കളയുന്നില്ല. ആർട്ടിക്കിൾ 323-A, 323-B എന്നീ ഫല പ്രദമായ വകുപ്പുകൾ ട്രിബ്യൂണലുകൾ സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന ഗവൺമെന്റുകളുടെ അധികാരത്തെ ലഘൂകരിക്കത്തക്ക വിധത്തിൽ വ്യഖ്യാനിക്കാവുന്നതല്ല. ആർട്ടിക്കിൾ 323-B യിൽ പറയാത്ത വിഷയങ്ങളെ സംബന്ധിച്ച് ട്രിബ്യൂണലുകൾ സ്ഥാപിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാറിനുണ്ട്. അത്തരം വിഷയങ്ങളെ സംബന്ധിച്ചുള്ള നിയമനിർമ്മാണം നടത്തുവാൻ സർക്കാറിന് യോഗ്യതയുണ്ടാകണമെന്ന് മാത്രം. ഇത് അർത്ഥമാക്കുന്നത് സംസ്ഥാന സർക്കാറിന് ആർട്ടിക്കിൾ 323-B യിൽ പരാമർശിക്കുന്ന വിഷയങ്ങളെ സംബന്ധിച്ചുള്ള ട്രിബ്യൂണലുകൾ സ്ഥാപിക്കുവാൻ നിയമ നിർമ്മാണം നടത്താം എന്നാണ്. ട്രിബ്യൂണലുകൾ ഉന്നയിക്കേണ്ട വിഷയം സംസ്ഥാന ലിസ്റ്റിലോ, കൺകറന്റ് ലിസ്റ്റിലോ ഉൾക്കൊള്ളുന്നവയായിരിക്കണം എന്നു മാത്രം. ആയതിനാൽ ബിൽ രൂപീകരിക്കുന്നതിനുള്ള സംസ്ഥാനഗവൺമെന്റിന്റെ അധികാരം സംസ്ഥാന ലിസ്റ്റിന്റെയും (ലിസ്റ്റ് 2) കൺകറന്റ് (ലിസ്റ്റ് 3) ലിസ്റ്റിന്റേയും വകുപ്പുകളിൽ കണ്ടെത്തേണ്ടതുണ്ട്. ബില്ലിലെ വിഷയം ലിസ്റ്റ് 2, ലിസ്റ്റ് 3 എന്നിവയിലെ ഏതെങ്കിലും വകുപ്പുകളുമായി ബന്ധപ്പെടുത്തുവാൻ കഴിഞ്ഞില്ലെങ്കിൽ ബിൽ രൂപീകരിക്കുവാനുള്ള അധികാരം ലിസ്റ്റ് 1 പ്രകാരമോ അല്ലെങ്കിൽ ഭരണഘടനയിലെ ആർട്ടിക്കിൾ 248 പ്രകാരമോ പാർലമെന്റിൽ നിക്ഷിപ്തമായിരിക്കുന്നു.



**ബില്ലിനെതിരെ ഉന്നയിക്കുന്ന ഒരു വാദം ഇതാണ്. ബില്ലിന്റെ തർക്ക വിഷയം പ്രധാനമായും പരിസ്ഥിതിയുമായി ബന്ധപ്പെട്ടതായതിനാലും പരിസ്ഥിതി എന്ന പദം മൂന്ന് ലിസ്റ്റുകളിലും ഉൾപ്പെടാത്തതിനാലും നിയമനിർമ്മാണത്തിനുള്ള അധികാരം പാർലമെന്റിനുള്ളതാണ് എന്നുവരുന്നു. ബില്ലിലെ തർക്ക വിഷയം സംസ്ഥാന ലിസ്റ്റിലെയും കൺകറന്റ് ലിസ്റ്റിലെയും കുറച്ചു വകുപ്പുകൾ പരാമർശിക്കുന്നതിനാൽ ഈയൊരു വാദഗതിയും നിലനിൽക്കാത്തതാണ്**

ബി) നിയമനിർമ്മാണപരമായ യോഗ്യത

പ്ലാച്ചിമട ട്രിബ്യൂണലിനു മുമ്പാകെയുള്ള തർക്ക വിഷയങ്ങൾ എന്നുള്ളത് ഭൂഗർഭജലത്തിന്റെ അമിതമായ അപഹരണവും ഭൂഗർഭജലശോഷണവും മണ്ണിന്റെ മൂല്യശോഷണവും ജലമലിനീകരണവും കാർഷികനഷ്ടവും പൊതുജനാരോഗ്യത്തിന്റെ തകർന്ന അവസ്ഥയുമാണ്. മേൽപറഞ്ഞിരിക്കുന്ന വിഷയങ്ങൾ ലിസ്റ്റ് 2 ലെ ചില വകുപ്പുകളിൽ പരാമർശിക്കുന്നതായി നമുക്ക് കണ്ടെത്താം. പൊതുജനാരോഗ്യത്തെയും ശുചിത്വത്തെയും പറ്റി 6–ാം വകുപ്പിലും കൃഷിയെപറ്റി 14–ാം വകുപ്പിലും വെള്ളത്തെക്കുറിച്ച് 17–ാം വകുപ്പിലും മണ്ണിനെപ്പറ്റി 18–ാം വകുപ്പിലും പറയുന്നുണ്ട്. ബില്ലിലെ തർക്ക വിഷയത്തെ ലിസ്റ്റ് 3–ലെ 8–ാം വകുപ്പിൽ കേസെടുക്കാവുന്ന അല്ലെങ്കിൽ തർക്കത്തിന് വിധേയമാകാവുന്ന തെറ്റുകൾ എന്നതിനോട് ബന്ധപ്പെടുത്താവുന്നതാണ്. തർക്കത്തിന് വിധേയമാകാവുന്ന തെറ്റുകൾ എന്നത് ലിസ്റ്റ് 3 ൽ അഥവാ കൺകറന്റ് ലിസ്റ്റിൽ പറയുന്നതിനാൽ അവയെ സംബന്ധിക്കുന്ന നിയമനിർമ്മാണം നടത്തുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാറിനും സംസ്ഥാന സർക്കാറിനും ഒരുപോലെ ഉള്ളതാണ്. പാർലമെന്റ് പാസ്സാക്കിയ ഭോപ്പാൽ ഗ്യാസ് ലീക്ക് ഡിസാസ്റ്റർ (പ്രോസസിംഗ് ഓഫ് ക്ലെയിംസ്) ആക്

ട്, 1985 കൺകറന്റ് ലിസ്റ്റിലെ 8 -ാം വകുപ്പിൽ പറഞ്ഞിട്ടുള്ള തർക്കത്തിന് വിധേയമാകാവുന്ന തെറ്റുകൾ എന്ന ആശയത്തെ അടിസ്ഥാനമാക്കിയാണ്. അതിനാൽ കേരള സർക്കാറിന് ഭരണഘടനാ പ്രകാരം ബിൽ പാസാക്കുവാനുള്ള അധികാരം ഉണ്ട് എന്നത് നിശ്ചയമായും വാദിക്കാവുന്നതാണ്.

ബില്ലിനെതിരെ ഉന്നയിക്കുന്ന ഒരു വാദം ഇതാണ്. ബില്ലിന്റെ തർക്ക വിഷയം പ്രധാനമായും പരിസ്ഥിതിയുമായി ബന്ധപ്പെട്ടതായതിനാലും പരിസ്ഥിതി എന്ന പദം പ്രത്യേകിച്ചും മേൽ പറഞ്ഞ മൂന്ന് ലിസ്റ്റുകളിലും ഉൾപ്പെടാത്തതിനാലും നിയമനിർമ്മാണത്തിനുള്ള അധികാരം പാർലമെന്റിനുള്ളതാണ് എന്നു വരുന്നു. ബില്ലിലെ തർക്ക വിഷയം സംസ്ഥാന ലിസ്റ്റിലെയും കൺകറന്റ് ലിസ്റ്റിലെയും കുറച്ചു വകുപ്പുകളിൽ പരാമർശിക്കുന്നതിനാൽ ഈയൊരു വാദഗതിയും നിലനിൽക്കാത്തതാണ്.

ലിസ്റ്റ് 2 ൽ കുറച്ചു വകുപ്പുകളിലും ലിസ്റ്റ് 3 ൽ ഒരു വകുപ്പിലും ബില്ലിലെ തർക്കവിഷയം പരാമർശിക്കുന്നതിനാൽ സംസ്ഥാനഗവൺമെന്റിന്റെ നിയമം ഭരണഘടനാവിരുദ്ധമെന്ന് ഒരു കാരണവശാലും പറഞ്ഞു കൂടാ. അതിനർത്ഥം സംസ്ഥാനഗവൺമെന്റ് ബിൽ പാസാക്കിയത് ഭരണഘടനാ നൽകിയിട്ടുള്ള അധികാരത്തിന്റെ അടിസ്ഥാനത്തിലാണെന്നാണ്. എന്നാൽതന്നെയും ഇത് ബിൽ പാസാക്കുന്നതിനുള്ള കേരള അസംബ്ലിയുടെ നിയമനിർമ്മാണപരമായ യോഗ്യതയെ തീരുമാനിക്കാൻ പര്യാപ്തമല്ല. ലിസ്റ്റ് 2 ലും ലിസ്റ്റ് 3 ലും ഉള്ള വകുപ്പുകളുടെ വെളിച്ചത്തിൽ ബിൽ ഭരണഘടനാവിരുദ്ധമെന്ന് പറയാമെങ്കിലും സംസ്ഥാന നിയമസഭ ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ബില്ലിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ചുള്ള നിയമനിർമ്മാണപരമായ യോഗ്യത പാർലമെന്റിൽ അർപ്പിക്കുകയാണെങ്കിൽ കേരള നിയമസഭയുടെ നിയമനിർമ്മാണപരമായ യോഗ്യത ചോദ്യം ചെയ്യപ്പെടാം. ആർട്ടിക്കിൾ 252 പ്രകാരം കേരള നിയമസഭ 1968 ൽ ജലമലിനീകരണത്തെക്കുറിച്ച് പാസാക്കിയ പ്രമേയം ഈ സാഹചര്യത്തിൽ തീർത്തും പ്രസക്തമാണ്.

1968 ൽ പാസാക്കിയ പ്രമേയം ജലമലിനീകരണം തടയുന്നതിനും മൊത്തം ജലസമ്പത്തിനെ നിലനിർത്തുന്നതിനും വീണ്ടെടുക്കുന്നതിനുമുള്ള നിയമങ്ങൾ നിർമ്മിക്കുവാനുള്ള അധികാരം പാർലമെന്റിന് നൽകുന്നു. അതിനായി ജലമലിനീകരണ നിരോധനബോർഡുകൾ സ്ഥാപിക്കുവാൻ പ്രമേയം ആവശ്യപ്പെടുന്നു. അതിനനുസരിച്ച് പാർലമെന്റ് (വാട്ടർ പ്രിവെൻഷൻ & കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്ട്, 1974 പാസാക്കി. പിന്നീട് വാട്ടർ ആക്റ്റ് എന്നറിയപ്പെടുന്ന ഈ നിയമം ഇപ്പോഴും കേരളത്തിൽ നിലവിലുണ്ട്.

ആർട്ടിക്കിൾ 252 അനുസരിച്ചുള്ള പ്രമേയത്തിന്റെ ഫലമെന്തെന്നു വച്ചാൽ പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങളെക്കുറിച്ചുള്ള നിയമം നിർമ്മിക്കുന്നതിനുള്ള അധികാരം സംസ്ഥാനഗവൺമെന്റിൽ നിന്നും പാർലമെന്റിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. തൂമാട്ടി വെങ്കയ്യ കേസിൽ സുപ്രീംകോടതി ആർട്ടിക്കിൾ 252 അനുസരിച്ചുള്ള ഈ പ്രമേയത്തിന്റെ പരിണിത ഫലമെന്തെന്ന് വിശദീകരിക്കുന്നു.

പ്രസ്തുത പ്രമേയം അതിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് നിയമമുണ്ടാക്കാനുള്ള സംസ്ഥാന സർക്കാറിന്റെ അധികാരത്തെ പാർലമെന്റിനു മുമ്പിൽ കീഴടങ്ങുന്നതിലേക്ക് നയിക്കുന്നു. പിന്നീട് പാർലമെന്റിനു മാത്രമെ അവയെ സംബന്ധിച്ച് നിയമനിർമ്മാണത്തിനുള്ള അധികാരമുള്ളത്. അത് ഫലത്തിൽ ലിസ്റ്റ് 2 ൽ പറഞ്ഞിരിക്കുന്ന വിഷയങ്ങൾ ഭരണഘടനയുടെ 7 -ാം പട്ടികയിലുള്ള ലിസ്റ്റ് 1 ലേക്ക്യ്ക്ക് മാറ്റിയിട്ടതുപോലെയായിരിക്കും.

ആർട്ടിക്കിൾ 252 നു കീഴിലുള്ള പ്രമേയത്തിനനുസൃതമായി കേന്ദ്രം പാസാക്കിയ നിയമത്തിന്റെ യോഗ്യത അല്ലെങ്കിൽ ആ നിയമത്തിന് പ്രമേയം പാസാക്കിയ സംസ്ഥാനം നിർമ്മിച്ച നിയമവുമായുള്ള ബന്ധം പ്രധാനമായും സംസ്ഥാനം കേന്ദ്രത്തിന് കൈമാറിയ നിയമനിർമ്മാണാധികാരത്തിന്റെ വ്യാപ്തിയെ ആശ്രയിച്ചാണിരിക്കുന്നത്. സംസ്ഥാനത്തിന്റെ നിയമനിർമ്മാണാധികാരം കേന്ദ്രത്തിന് സമർപ്പിച്ചോ ഇല്ലയോ എന്ന ചോദ്യം ആർട്ടിക്കിൾ 252(1) പ്രകാരം പാസ്സാക്കിയിട്ടുള്ള പ്രമേയത്തിന്റെ ഭാഷയെ ആശ്രയിച്ചിരിക്കും.

ബില്ലും ആക്ടും തമ്മിലുള്ള ബന്ധം സംസ്ഥാനത്തിന്റെ നിയമനിർമ്മാണപരമായ യോഗ്യത ബില്ലിന്റെ പശ്ചാത്തലത്തിൽ നിശ്ചയിക്കുന്നതിന് ഗൗരവമായ ആലോചനയ്ക്ക് വിധേയമാക്കേണ്ടതാണ്. സുപ്രീംകോടതി കൃഷ്ണ ഭീംറാവു എന്ന കേസിൽ സമാനമായൊരു സാഹചര്യം നേരിട്ടപ്പോൾ വൈയക്തികവും വേറിട്ട നിലയിൽ തിരിച്ചറിയാവുന്ന വിധത്തിലുള്ള പരിശോധന പ്രയോഗിക്കുകയും ആർട്ടിക്കിൾ 252 ന് കീഴിൽ പാസാക്കിയ ഏതൊരു വിഷയത്തെ സംബന്ധിച്ച് കൈമാറ്റം ചെയ്തതായ പ്രമേയം വ്യതിരിക്തവും വേറിട്ട നിലയിൽ തിരിച്ചറിയാവുന്ന വിധത്തിലുള്ളതുമാണെന്നും ആയത് സംസ്ഥാനത്തിന് മാത്രമായി നിയമനിർമ്മാണാധികാരമുള്ള വിഷയങ്ങളെക്കുറിച്ച് പറയുന്ന 18 -ാം വകുപ്പിലെ അവശേഷിക്കുന്ന വിഷയങ്ങളിൽ ഉൾക്കൊള്ളുന്നില്ല എന്നും വിധിച്ചു. വ്യതിരിക്തവും വേറിട്ട നിലയിൽ തിരിച്ചറിയാവുന്ന വിധത്തിലുമുള്ള പരിശോധന സുപ്രീം കോടതി പിന്നീട് ഹെർ ഹൈനസ് മഹാറാണി ശാന്തിദേവി.പി. ഗെയ്ക്‌വാദ് Vs ശിവജിഭായ് പട്ടേൽ എന്ന കേസിൽ പ്രയോഗിക്കുകയുണ്ടായി. നഗരങ്ങളിലെ സ്ഥാവരജംഗമങ്ങൾക്ക് മേൽത്തട്ടുകൾ വേണമെന്നതിനെ സംബന്ധിച്ച് നിയമനിർമ്മാണം നടത്തുവാനുള്ള അവകാശം അടിയറവ് വയ്ക്കുന്നു എന്നത് നഗരാസൂത്രണത്തിനും വികസനത്തിനുമായുള്ള സംസ്ഥാന നിയമസഭയുടെ അവകാശം അടിയറവ് വയ്ക്കുകയാണ് എന്നർത്ഥമാകുന്നില്ല.

ആയതിനാൽ, 1968ലെ പ്രമേയത്തിന്റെ തർക്കവിഷയം ബില്ലിന്റെ തർക്കവിഷയത്തിൽ നിന്നും വ്യതിരിക്തവും വേറിട്ടതും ആണോ എന്ന് പരിശോധിച്ചറിയേണ്ടതുണ്ട്. 1968ലെ പ്രമേയത്തിന്റെ വിഷയം എന്നുള്ളത് ജലമലിനീകരണ നിരോധനവും ജലസമ്പത്തിന്റെ പൂർണ്ണത സംരക്ഷിക്കുകയും വീണ്ടെടുക്കുകയുമാണ്. അതിനോട് അനുബന്ധമായ കേന്ദ്രനിയമം (ജലനിയമം) സ്പഷ്ടമായും പ്രസ്താവിക്കുന്നത്, നിയമവിഷയം ഭരണഘടനയിൽ ലിസ്റ്റ് 2 ലെ വെള്ളത്തെക്കുറിച്ച് പറയുന്ന 17-ാം വകുപ്പുമായും പൊതുജനാരോഗ്യം, ശുചിത്വം, ആശുപത്രികൾ, ചികിത്സാലയങ്ങൾ എന്നിവയെപ്പറ്റി പറയുന്ന 6-ാം വകുപ്പുമായും ബന്ധപ്പെടുത്താവുന്നതാണ് എന്നാണ്. ജലനിയമത്തിന്റെ വകുപ്പുകൾ ജലമലിനീകരണ നിയന്ത്രണ ബോർഡുകൾ പോലെയുള്ള സ്ഥാപനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് മലിനീകരണ പ്രശ്നങ്ങൾ നിയന്ത്രിക്കുന്ന സംഗതി ഉറപ്പാക്കുന്നു. ബില്ലിന്റെ വിഷയം അതിന്റെ മുഖവുരയിൽ പറഞ്ഞ പ്രകാരം തർക്കപരിഹാരവും നഷ്ടപരിഹാരം ലഭിക്കുന്നതുമാണ്. ഈ വിഷയം 1968ലെ പ്രമേയത്തിലും ജലനിയമത്തി

ലും വ്യക്തമായി ഉന്നയിക്കുന്നില്ല. ആയതിനാൽ പ്രസ്തുത നിയമങ്ങളുടെ വിഷയങ്ങൾ ലിസ്റ്റ് 2 ലെ ചില വകുപ്പുകളുമായി ബന്ധപ്പെടുത്താവുന്നതാണെങ്കിലും വ്യതിരിക്തവും വേറിട്ട നിലയിൽ തിരിച്ചറിയാവുന്നതുമാണ്.

1968ലെ പ്രമേയത്തിന്റെ പശ്ചാത്തലത്തിൽ വിവാദമാകാനിടയുള്ള മറ്റൊരുപ്രശ്നം 'മറ്റെല്ലാ പരോക്ഷഫലമായും ആനുഷംഗികമായും ഉള്ള കാര്യങ്ങൾ' എന്ന പ്രയോഗത്തിന്റെ അർത്ഥമാണ്. പ്രധാനചോദ്യം എന്തെന്നാൽ വളരെ സങ്കുചിതമോ വിശാലമോ ആയ വ്യാഖ്യാനം അനുസരിക്കണോ എന്നതാണ്. ഈ പ്രശ്നം സുപ്രീംകോടതി ആർ.എം.ഡി.സി (മൈസൂർ) പ്രൈവറ്റ് ലിമിറ്റഡ് കേസിൽ ഉന്നയിച്ചിട്ടുണ്ട്. സമ്മാനമത്സരങ്ങളുടെ നിയന്ത്രണവും ക്രമീകരണവും എന്ന പ്രയോഗം നികുതിക്കായുള്ള അധികാരംകൂടി ഉൾപ്പെടുന്നതാണോ എന്ന ചോദ്യം കോടതി അഭിമുഖീകരിച്ചിരുന്നു. സമ്മാനമത്സരങ്ങളുടെ നിയന്ത്രണവും ക്രമീകരണവും തൽഫലമായുണ്ടാകുന്ന എല്ലാ ക്രമീകരണങ്ങളും നികുതിക്കായുള്ള അധികാരത്തെകൂടി ഉൾപ്പെടുന്നുവെന്ന് കോടതിക്ക് മുന്നിൽ വാദിക്കപ്പെട്ടു. കോടതി രണ്ട് വിഷയങ്ങളെയും ലിസ്റ്റ് 2 ലെ വകുപ്പുകളുമായി ബന്ധിപ്പിക്കുകയും സമ്മാനമത്സരങ്ങളുടെ നിയന്ത്രണവും ക്രമീകരണവും അവയോടനുബന്ധമായുണ്ടാകുന്ന കാര്യങ്ങൾ നികുതിപിരിക്കാനുള്ള അവകാശത്തെയും ഉൾപ്പെടുത്തുന്നുവെന്ന് വിധിച്ചു. എന്നാൽത്തന്നെയും ഈ വാദമുഖം നിലനിൽക്കത്തക്കതല്ല. ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുള്ള നിയമനിർമ്മാണാധികാരത്തിന്റെ വിഭജനത്തെ ഏതെങ്കിലും സന്നിഗ്ദാവസ്ഥയിൽ താറുമാറാക്കാതിരിക്കാൻ വേണ്ടി മേൽസൂചിപ്പിച്ച ആർ.എം.ഡി.സി കോസ് ആർട്ടിക്കിൾ 252 കീഴിലുള്ള പ്രമേയത്തിന് സങ്കുചിതമായ ഒരു വ്യാഖ്യാനം നൽകുന്നതിനെയാണ് പിന്തുണയ്ക്കുന്നത്. വ്യത്യസ്തമായി പറഞ്ഞാൽ ആർ.എം.ഡി.സി കോസ്, ആർട്ടിക്കിൾ 252 പ്രകാരമുള്ള പ്രമേയത്തിന്റെ വിശാലമായ വ്യാഖ്യാനത്തെ അംഗീകരിക്കുന്നില്ല. അതിനാൽ പാർലമെന്റിന്റെ നിയമനിർമ്മാണാധികാരത്തിന്റെ പരിധിയിൽ വരുന്ന എല്ലാ സാധ്യവും ബന്ധപ്പെട്ടിരിക്കുന്നതുമായ എല്ലാ വിഷയങ്ങളെയും ഉൾക്കൊള്ളുന്ന രീതിയിൽ മേൽപ്പറഞ്ഞ കേസ് ആർട്ടിക്കിൾ 252 നെ വ്യഖ്യാനിക്കുന്നില്ല. ആയതി

**കേന്ദ്രവും സംസ്ഥാനവും കൺകറന്റ് ലിസ്റ്റിൽ (ലിസ്റ്റ് 3) പറയുന്ന ഒരു വിഷയത്തെ ആസ്പദമാക്കി നിയമം നിർമ്മിക്കുകയും ആ രണ്ട് നിയമങ്ങളും തമ്മിൽ പൊരുത്തക്കേട് ഉണ്ടാകുകയും ചെയ്താൽ ഭരണഘടനയിലെ ആർട്ടിക്കിൾ 254 പ്രകാരം സംസ്ഥാനനിയമം അസാധുവാകുകയും കേന്ദ്രനിയമം നിലനിൽക്കുകയും ചെയ്യും**

നാൽ ആർ.എം.ഡി.സി കേസ് ബില്ലിന്റെ പശ്ചാത്തതലത്തിൽ വച്ച് പ്രയോഗിക്കുമ്പോൾ ന്യായമായും ഒരുകാര്യം വാദിക്കാവുന്നതാണ്. 'മറ്റെല്ലാ പരോക്ഷഫലമായും ആനുഷംഗികമായും ഉള്ള കാര്യങ്ങൾ' എന്നുള്ള പ്രയോഗം 'തർക്കങ്ങളുടെ പരിഹാരവും നഷ്ടപരിഹാരം ലഭിക്കലും' എന്ന വിഷയത്തെ ഉൾപ്പെടുത്തുന്നില്ല. ആയതിൽ ഈ വിഷയത്തെ സംബന്ധിച്ച് നിയമനിർമ്മാണം നടത്താനുള്ള അധികാരം സംസ്ഥാന നിയമസഭയ്ക്കാണുള്ളത്. ജലമലിനീകരണ സംബന്ധമായ തർക്കങ്ങളെ പരിഹരിക്കുന്നതിന് ആവശ്യമായ നിയമങ്ങൾ നിർമ്മിക്കുവാനുള്ള സംസ്ഥാന നിയമസഭയുടെ അധികാരത്തെ 1968 ലെ പ്രമേയം ബാധിക്കുന്നില്ല.

### 3. നിലനിൽക്കുന്ന കേന്ദ്രനിയമങ്ങളുമായുള്ള സംഘർഷം

പൊരുത്തക്കേട് ഉണ്ട് എന്ന കാരണത്താൽ ഏതൊരു നിയമവും ചോദ്യം ചെയ്യപ്പെടാം. അത്തരത്തിൽ പൊരുത്തക്കേടുള്ള ഒരു സംസ്ഥാന നിയമം രണ്ട് രീതിയിൽ ചോദ്യം ചെയ്യപ്പെടാം. കേന്ദ്രവും സംസ്ഥാനവും കൺകറന്റ് ലിസ്റ്റിൽ (ലിസ്റ്റ് 3) പറയുന്ന ഒരു വിഷയത്തെ ആസ്പദമാക്കി നിയമം നിർമ്മിക്കുകയും ആ രണ്ട് നിയമങ്ങളും തമ്മിൽ പൊരുത്തക്കേട് ഉണ്ടാകുകയും ചെയ്താൽ ഭരണഘടനയിലെ ആർട്ടിക്കിൾ 254 പ്രകാരം സംസ്ഥാനനിയമം അസാധുവാകുകയും കേന്ദ്രനിയമം നിലനിൽക്കുകയും ചെയ്യും. എന്നാൽ തന്നെയും രാഷ്ട്രപതിയുടെ അനുമതി കിട്ടുകയാണെങ്കിൽ സംസ്ഥാനനിയമം അംഗീകരിക്കപ്പെടും. ആർട്ടിക്കിൾ 253 പ്രകാരം ഏതെങ്കിലും ഒരു അന്തർദ്ദേശീയ കരാർ നടപ്പിലാക്കുവാൻ വേണ്ടി പാർലമെന്റ് പാസാക്കിയ നിയമവുമായി സംസ്ഥാന നിയമത്തിന് പൊരുത്തക്കേടുണ്ടായാൽ കേന്ദ്രനിയമം അതേ വിഷയത്തിലുള്ള സംസ്ഥാനനിയമങ്ങൾക്കു മീതെയായി ഉയർന്നു നില്ക്കുക തന്നെ ചെയ്യും.

പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന്റെ അടിസ്ഥാനത്തിൽ അത്തരമൊരു പൊരുത്തക്കേടിന്റെ പ്രശ്നം ഉയർന്നു വരാൻ നന്നേ സാധ്യത കുറവാണ്. എന്തെന്നാൽ, കൺകറന്റ് ലിസ്റ്റിൽ പറയുന്ന വിഷയത്തെ ആസ്പദമാക്കിയാണ് ബിൽ പാസാക്കിയിട്ടുള്ളത്. മാത്രവുമല്ല, കൺകറന്റ് ലിസ്റ്റിലധികമായി സ്റ്റേറ്റ് ലിസ്റ്റിൽ പറയുന്ന വകുപ്പുകളോടാണ് ഈ ബില്ലിന് ബന്ധമുള്ളത്. കൺകറന്റ് ലിസ്റ്റിൽ പറയുന്ന കേസെടുക്കാവുന്ന തെറ്റുകൾ (ആക്ഷനബിൾ റോംഗ്) എന്ന വകുപ്പ് ബില്ലുമായി ബന്ധപ്പെടുത്തുകയാണെങ്കിൽ തന്നെ അതേ വകുപ്പുമായി ബന്ധപ്പെട്ട് പാസാക്കിയിട്ടുള്ള ഒരു കേന്ദ്ര നിയമത്തിനും ബില്ലുമായി പൊരുത്തക്കേടില്ലാത്തതാണ്.

ആർട്ടിക്കിൾ 253 പ്രകാരം മുൻപ് പാസാക്കിയിട്ടുള്ള കേന്ദ്രനിയമങ്ങളുടെ പശ്ചാത്തലത്തിൽ ആ നിയമങ്ങൾ ബില്ലിനെ മറികടന്നു നിലനിൽക്കുന്ന അവസ്ഥ സംജാതമാകുന്നു. അത്തരത്തിലുള്ള മൂന്ന് പ്രധാന കേന്ദ്ര നിയമങ്ങൾ താഴെ പറയും പ്രകാരമാണ്.

1) വായു (മലിനീകരണ നിയന്ത്രണവും തടയലും) ആക്ട്, 1981

2) പരിസ്ഥിതി (സംരക്ഷണം) ആക്ട്, 1986

3) ദേശീയ ഹരിത ട്രിബ്യൂണൽ ആക്ട്, 2010

അന്തർദേശീയ കരാറുകൾ നടപ്പിലാക്കുന്നതിനായി പാസാക്കിയിട്ടുള്ള മേൽപറഞ്ഞ കേന്ദ്രനിയമങ്ങൾ ഏതെങ്കിലും ഒരു വിധത്തിൽ ബില്ലിലെ വിഷയവുമായി ബന്ധപ്പെട്ടതാണ്.

നിലനിൽക്കുന്ന കേന്ദ്രനിയമങ്ങൾക്ക് ബില്ലിനുമേലെയുള്ള ആധിപത്യത്തിന്റെ പ്രകൃതവും വ്യാപ്തിയും പരിശോധിക്കുന്നതിനു മുമ്പ് അന്തർദേശീയ കരാറുകൾ നടപ്പിലാക്കുന്നതിനു വേണ്ടി പാസാക്കിയിട്ടുള്ള കേന്ദ്രനിയമങ്ങൾ സംസ്ഥാനനിയമങ്ങളെ എങ്ങനെ ബാധിക്കുന്നു എന്ന് പരിശോധിക്കേണ്ടതു

ണ്ട്. അന്തർദേശീയ കരാറുകൾ നടപ്പിലാക്കുന്നതിനായി നിയമനിർമ്മാണം നടത്തുവാനുള്ള അധികാരം ഭരണഘടന പാർലമെന്റിനാണ് നൽകിയിരിക്കുന്നത്. ആയതിനാൽ അന്തർദേശീയ കരാറുകൾ നടപ്പിലാക്കുന്നതിനായി സ്റ്റേറ്റ്ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങളെ ആസ്പദമാക്കി നിയമനിർമ്മാണം നടത്താം. അത്തരം നിയമങ്ങളുമായി സംസ്ഥാന നിയമങ്ങൾക്ക് പൊരുത്തക്കേടുണ്ടായാൽ കേന്ദ്രനിയമങ്ങൾ സംസ്ഥാന നിയമങ്ങളെ മറികടന്നു നിൽക്കും. സ്റ്റേറ്റ്ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് നിയമനിർമ്മാണം നടത്തുവാനുള്ള അധികാരം പാർലമെന്റിന് ലഭിച്ചിട്ടില്ലെങ്കിൽ അന്തർദേശീയ കരാറുകളിലെ കടമകളെയും തത്ത്വങ്ങളെയും പാലിക്കുവാൻ ബുദ്ധിമുട്ടാണ്. നിയമത്തിന്റെ അവസ്ഥ ഇതാണെന്നിരിക്കെ മേൽ പരാമർശിച്ച കേന്ദ്രനിയമങ്ങളുമായുള്ള ഏതെങ്കിലും വിധത്തിലുള്ള പൊരുത്തക്കേട് ബില്ലിനെ നിർവ്വീര്യമാക്കും.

താഴെ പറയുന്ന ഘടകങ്ങളെ ആസ്പദമാക്കി ഒരു കേന്ദ്രനിയമവും സംസ്ഥാനനിയമവും തമ്മിലുള്ള പൊരുത്തക്കേടിനെ മനസ്സിലാക്കാം.

1) കേന്ദ്ര നിയമത്തിന്റെയും സംസ്ഥാന നിയമത്തിന്റെയും വകുപ്പുകൾ തമ്മിൽ പ്രത്യക്ഷത്തിലുള്ള പൊരുത്തക്കേട്. ഒരു നിയമത്തിന് നിലനിൽക്കണമെങ്കിൽ മറ്റേ നിയമത്തിനെ നിരാകരിക്കേണ്ടി വരുമ്പോഴും ഒരു നിയമം മറ്റു നിയമം നൽകിയ അവകാശങ്ങളെ കവർന്നെടുക്കുമ്പോഴും.

2) നിയമത്തിന്റെ വിഷയത്തെ സംബന്ധിച്ച് പാർലമെന്റ് മറ്റെന്തിനേയും മറികടക്കുന്ന ഒരു നടപടിക്രമം രൂപപ്പെടുത്തുമ്പോൾ

3) രണ്ട് നിയമങ്ങളും ഒരേ വിഷയവുമായി ബന്ധപ്പെട്ടതാണെങ്കിൽ.

ആയതിനാൽ, ആദ്യമായി പരിശോധന വിധേയമാക്കേണ്ട വസ്തുത ബില്ലും മേൽപറഞ്ഞ കേന്ദ്രനിയമങ്ങളും തമ്മിൽ പൂർണ്ണമായും പൊരുത്തക്കേടുള്ളതും യോജിച്ചു പോകാനാവാത്തതുമാണോ എന്നതാണ്. മുമ്പ് പറഞ്ഞ 1981 ലെ വായു മലിനീകരണ നിരോധന നിയന്ത്രണ നിയമം വായു മലിനീകരണം തടയുന്നതിനും നിരോധിക്കുന്നതിനുമായി ഒരു ക്രമീകരണ ചട്ടക്കൂട് ഉണ്ടാക്കുന്നു. പരിസ്ഥിതി സംരക്ഷണനിയമം പരിസ്ഥിതിയുടെ സമഗ്രമായ സുരക്ഷയും പുരോഗതിയും ഉദ്ദേശിച്ചുള്ള താങ്ങും തണലും നൽകുന്ന നിയമമാണ്. ഈ രണ്ട് നിയമങ്ങളും പ്രസ്തുത ബില്ലിലെ പ്രധാനവിഷയമായ പൗരസമൂഹസംബന്ധമായ ബാധ്യതയെക്കുറിച്ച് ഒന്നും പരാമർശിക്കുന്നില്ല. ബില്ലിലെ സെക്ഷൻ 2(സി) ൽ നിർവചിച്ച തർക്കം എന്ന പദം എന്നതു കൊണ്ടുദ്ദേശിക്കുന്നത് പരിസ്ഥിതി, വായു, ജലം, എന്നിവയുടെ മലിനീകരണത്തെ സംബന്ധിച്ച് ഈ നിയമങ്ങളുടെ ലംഘനത്തിൽ നിന്നും ഉയർന്നു വരുന്ന പ്രശ്നമാണ്. അങ്ങനെ ബിൽ മേൽപറഞ്ഞ നിയമങ്ങൾക്ക് ഉപോദ്ബലകമാവുന്നു. കേന്ദ്ര നിയമവും സംസ്ഥാനനിയമവും തമ്മിലുള്ള പൊരുത്തക്കേടിനെക്കാണിക്കുന്ന ചോദ്യത്തെ സംബന്ധിച്ചാണെങ്കിൽ പരിസ്ഥിതി സംരക്ഷണ നിയമം മറ്റൊരു തലത്തിൽ പ്രസക്തമാണ്. പ്ലാച്ചിമട വിഷയത്തിന്റെ പശ്ചാത്തലത്തിൽ നഷ്ടപരിഹാരത്തെ പറ്റിയുള്ള തർക്കം പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ കീഴിൽ ഉന്നയിക്കാമായിരുന്നു. എന്തെന്നാൽ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ 3–ാം വകുപ്പ് പരിസ്ഥിതിയ്ക്കും വ്യക്തികൾക്കും സംഭവിച്ച കഷ്ട നഷ്ടങ്ങൾക്കുള്ള പരിഹാരം നൽകുന്നതിനായി ഒരു അധികാരസമിതി രൂപീകരിക്കുവാൻ കേന്ദ്രഗവൺമെന്റിനെ ശാക്തീകരിക്കുന്നുണ്ട്. തമിഴ് നാടിനായി അത്തരത്തിലൊരാവശ്യത്തിനായി രൂപീകരിച്ച ഒരു അധികാരസമിതി അതിനുദാഹരണമാണ്. പരിസ്ഥിതിയ്ക്ക് സംഭവിച്ച നഷ്ടങ്ങൾ എത്രയെന്ന് വിലയിരുത്തുന്നതിനും, അവയ്ക്ക് നഷ്ടപരിഹാരം നിശ്ചയിക്കു ന്നതിനുമായുള്ള അധികാരം അധികാരസമിതിയ്ക്കുണ്ട്.

പരിസ്ഥിതി സംരക്ഷണനിയമത്തിന് കീഴിൽ രൂപീകരിക്കുന്ന അധികാരസമിതിയിൽ നിന്നും വ്യത്യസ്തമാണ് ബിൽ വിഭാവനം ചെയ്യുന്ന ട്രിബ്യൂണൽ. ട്രിബ്യൂണൽ എന്നുള്ളത് നീതിന്യായനിർവ്വഹണം നടത്തുന്ന നിയമപരമായ ഒരു അധികാരസമിതിയാണെങ്കിൽ പരിസ്ഥിതി നിയമത്തിനു കീഴിൽ വരുന്ന അധികാരസമിതി ഭരണപരമായ സ്വഭാവമുള്ള ഒന്നാണ്. ട്രിബ്യൂണൽ അതിനു മുമ്പിൽ വരുന്ന പ്രശ്നങ്ങൾക്ക് നീതിന്യായവിചാരത്തോടെ പരിഹാരം കണ്ടെത്തുമ്പോൾ പരിസ്ഥിതി നിയമത്തിനു കീഴിൽ വരുന്ന അധികാര സമിതി അതിന്റെ ഭരണഘടനാതത്ത്വമനുസരിച്ച് വിഷയത്തിൻമേൽ അന്വേഷണം നടത്തുകയാണ് ചെയ്യുന്നത്. പരിസ്ഥിതി നിയമത്തിനു കീഴിൽ വരുന്ന അധികാര സമിതി പ്ലാച്ചിമട പ്രശ്നത്തിനു ഒരു പരിഹാരമാർഗ്ഗമെന്ന് പറയുവാൻ സാധിക്കുന്നു, എന്തെന്നാൽ ജനങ്ങൾക്കും, സ്വത്തിനും പരിസ്ഥിതിയ്ക്കും നാശ നഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതിന് പ്രത്യക്ഷമായ തെളിവുണ്ട്.



പരിസ്ഥിതിസംരക്ഷണ പ്രകാരം കേന്ദ്രഗവൺമെന്റിന് നൽകപ്പെട്ട അധികാ

രത്തിലേയ്ക്ക് ബിൽ കടന്നു കയറുന്നില്ല എന്ന് അനുമാനിക്കാവുന്നതാണ്. ആയതിനാൽ പരിസ്ഥിതി സംരക്ഷണത്തിന്റെ 3 –ാം വകുപ്പ് പ്രകാരമുള്ള കേന്ദ്രഗവൺമെന്റിന്റെ അധികാരമുപയോഗിച്ച് സംസ്ഥാന സർക്കാരിന് പരിസ്ഥിതി നിയമലംഘന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനായുള്ള ട്രിബ്യൂണൽ രൂപീകരിക്കുന്നത് തടയുവാൻ കഴിയില്ല.

ദേശീയ ഹരിത ട്രിബ്യൂണൽ ആക്ട് 2010 മറ്റൊരു പ്രധാനപ്പെട്ട പരിസ്ഥിതി നിയമമാണ്. ഈ നിയമത്തിന്റെ വെളിച്ചത്തിൽ നമുക്ക് ബില്ലിന്റെ സാംഗത്യം പരിശോധിക്കേണ്ടതുണ്ട്. ദേശീയ ഹരിത ട്രിബ്യൂണൽ 2010 ഒക്ടോബർ മാസം 18 –ാം തിയ്യതിയാണ് സ്ഥാപിക്കപ്പെട്ടത്. ഈ നിയമമനുസരിച്ച് ദേശീയ ഹരിത ട്രിബ്യൂണലിനു പരിസ്ഥിതി സംബന്ധമായി ഉയർന്നു വരുന്ന ഏത് വ്യവഹാര ത്തിൻ മേലും ന്യായാധികാരം കല്പിക്കുവാനുള്ള അധികാരമുള്ളതാണ്. ഈ നിയമത്തിന്റെ 14 –ാം വകുപ്പു പ്രകാരം ഇന്ത്യയിലുള്ള പരിസ്ഥിതി നിയമങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള തർക്കങ്ങൾക്കു മേലുള്ള ന്യായാധികാരവും ഉൾപ്പെടുന്നുണ്ട്. പാരിസ്ഥിതികനാശം വരുത്തിവച്ചതിനു അതിന്റെ ഇരകളായ ആളുകൾക്കു നൽകേണ്ട നഷ്ടപരിഹാരത്തെയും നഷ്ടപ്പെട്ട സ്വത്ത് തിരിച്ചെടുക്കുന്നതിനെയും, പരിസ്ഥിതിയെ പഴയ രീതിയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള അധികാരം ദേശീയ ഹരിത ട്രിബ്യൂണലിനുണ്ട്.

ബില്ലും ദേശീയ ഹരിത ട്രിബ്യൂണൽ നിയമവും ഒരേ വിഷയമല്ലെങ്കിൽ തന്നെയും സദൃശ്യമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതായി കാണാൻ സാധിക്കും. പാരിസ്ഥിതിക നഷ്ടങ്ങളുടെ പശ്ചാത്തലത്തിൽ ഉരുത്തിരിയുന്ന പൊതുബാധ്യതയുടെ പ്രശ്നത്തെ പറ്റി തന്നെയാണ് ഈ നിയമങ്ങളും അഭി സംബോധന ചെയ്യുന്നത്. പ്രത്യേകമായി ബിൽ ആശ്രയിച്ചിട്ടുള്ള എല്ലാ പരിസ്ഥിതി നിയമങ്ങളും ദേശീയ ഹരിത ട്രിബ്യൂണൽ നിയമത്തിലും പരാമർശിച്ചിട്ടുണ്ട്. ബിൽ ഉയർത്തികാട്ടുന്ന എല്ലാ പ്രശ്നങ്ങളും കൂടുതൽ സമഗ്രമായി ദേശീയ ഹരിത ട്രിബ്യൂണൽ നിയമം അതിൽ ഉൾക്കൊള്ളിക്കുന്നുണ്ട്. ഒന്ന് മറ്റൊന്നിനെ മറികടക്കുന്ന രീതിയിൽ രണ്ടു നിയമങ്ങളും തമ്മിൽ കാര്യമായ വ്യത്യാസമുണ്ട് എന്നത് അസന്നിഗ്ദമായ വസ്തുതയാണ്.

പാർലമെന്റ് ദേശീയഹരിത ട്രിബ്യൂണൽനിയമം സമഗ്രമായ ഒരു നിയമനടപടി ക്രമമായിട്ടാണ് പാസാക്കിയിട്ടുള്ളതെങ്കിൽ പ്രസ്തുത നിയമവും ബില്ലും തമ്മിലുള്ള കാര്യമായ വ്യത്യാസം ബില്ലിനെ നിർവ്വീര്യമാക്കുന്നതിലേയ്ക്ക് നയിച്ചേക്കാം. അത്തരത്തിലുള്ള സാഹചര്യങ്ങളിൽ രണ്ടു നിയമങ്ങളും തമ്മിലുള്ള പൊരുത്തക്കേട് നിശ്ചയിക്കുന്നത് ഇരു നിയമങ്ങളുടേയും വകുപ്പുകൾ തമ്മിൽ സൂക്ഷ്മമായി താരതമ്യം ചെയ്തിട്ടായിരിക്കുകയില്ല, മറിച്ച് ഉപരിപ്ലവമായ തലത്തിൽ ഇരുനിയമങ്ങൾ എന്ന നിലയിൽ മാത്രമായിരിക്കും. അതിനാൽ ബിൽ ഉയരുന്ന പരമപ്രധാനമായ ചോദ്യം എന്നുള്ളത് പാർലമെന്റ് ദേശീയ ഹരിത ട്രിബ്യൂണൽ ബിൽ പാസാക്കിയിട്ടുള്ളത് സമഗ്രമായ, മറ്റെല്ലാ പരിസ്ഥിതി നിയമങ്ങളെയും കീഴിൽ നിരത്തുന്ന ഒരു നിയമനടപടി ക്രമം എന്ന നിലയ് ക്കാണോ എന്നതാണ്.

താത്വികമായി ദേശീയ ഹരിതട്രിബ്യൂണൽ നിയമം പരിസ്ഥിതി സംബ ന്ധമായ എല്ലാ കാതലായ ചോദ്യങ്ങളെയും തർക്കങ്ങളെയും ഉൾക്കൊള്ളിക്കു ന്നുണ്ട്. ഇന്ത്യയിലെ എല്ലാ പരിസ്ഥിതി നിയമങ്ങളെയും ഭരണഘടനയിലെ 1 –ാം പട്ടികയിലുള്ളതാണ്. (ഇന്ത്യയിൽ പരിസ്ഥിതി സംബന്ധമായ ഏഴ് നിയമങ്ങളാണുള്ളത്.) പ്രസ്തുത നിയമങ്ങൾ ഉയർത്തുന്ന എല്ലാ തർക്കങ്ങളെയും ഹരിത ട്രിബ്യൂണൽ ബിൽ അഭിസംബോധന ചെയ്യുന്നുണ്ട്. കേന്ദ്രഗവൺമെന്റിന് 1 –ാം പട്ടിക ഭേദഗതി ചെയ്യുന്നതിനുള്ള അധികാരമുണ്ട്. അതു കൊണ്ടർത്ഥമാക്കുന്നത് ദേശീയ ഹരിത ട്രിബ്യൂണൽ ബില്ലിൽ ചർച്ച ചെയ്തിട്ടുള്ള എല്ലാ വിഷയങ്ങളും കാലാനുസൃതമായി മാറ്റം വരുത്താം എന്നതാണ്. ആയതിനാൽ ദേശീയ ഹരിത ട്രിബ്യൂണൽ നിയമം സമഗ്രസ്വഭാവമുള്ള താണെന്നും അത് പാസാക്കിയിട്ടുള്ളത് പാരിസ്ഥിതിക സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിനായും പാരിസ്ഥിതിക നഷ്ടങ്ങളുടെ പശ്ചാത്തലത്തിലുള്ള പൊതുബാധ്യതയെപറ്റിയുള്ള ചോദ്യങ്ങൾ പരിഹരിക്കുന്നതിനായും വേണ്ടി ഒരു ചർച്ചാ വേദി രൂപീകരിക്കുന്നതിനായുള്ള നിയമമാണെന്ന് ന്യായമായും വാദിക്കാവുന്നതാണ്.

ബില്ലിനു കീഴിൽ അഭിസംബോധന ചെയ്തിട്ടുള്ള വിഷയം ദേശീയ ഹരിത ട്രിബ്യൂണൽ നിയമത്തിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ നിയമത്തിനു കീഴിലുള്ള പല ഘടകങ്ങളാലും തർക്കവിഷയങ്ങളെ അഭിസംബോധന ചെയ്യുന്നത് പരിമിതപ്പെട്ടിരിക്കുന്നു. കേസിനാസ്പദമായ സംഭവം നടന്നിട്ട് അഞ്ച് വർഷങ്ങൾ കഴിഞ്ഞാൽ നഷ്ടപരിഹാരത്തിനും നഷ്ടപ്പെട്ട സ്വത്ത് തിരിച്ചെടുക്കുന്ന തിനുമുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള ന്യായാധികാരം ദേശീയ ഹരിതട്രിബ്യൂണലിനില്ല എന്ന് വ്യക്തമായും പറയുന്നുണ്ട്. ദേശീയ ഹരിത ട്രിബ്യൂണലിനു തൃപ്തികരമായി തക്കതായ കാരണങ്ങളാൽ സൂചിപ്പിച്ചാൽ ആറ് മാസത്തെ കാലാവുധി കൂടി നീട്ടിക്കിട്ടിയേക്കാം.

പ്ലാച്ചിമടയിലെ തർക്കവിഷയം അഞ്ച് വർഷത്തേക്കാൾ പഴക്കമുള്ളതാണ്. 2004 ൽ കേരള മലീനികരണ നിയന്ത്രണ ബോർഡ് കമ്പനിയുടെ പ്ലാന്റ് അടച്ചു പൂട്ടിയതു മുതൽ കൊക്കക്കോള കമ്പനി പ്രവർത്തിക്കുന്നില്ല. ബില്ലിലെ തർക്ക വിഷയം ദേശീയഹരിതട്രിബ്യൂണലിൽ ആക്ടിന്റെ പരിധിയിൽ പെടുന്നതല്ലാത്തതിനാൽ ബില്ലും ദേശീയഹരിതട്രിബ്യൂണൽ ആക്ടും തമ്മിലുള്ള പൊരുത്തക്കേടിനെക്കുറിച്ചുള്ള ചോദ്യം ഉയരുന്നില്ല.

## ഭരണഘടനാപരമായ സാധുതയും അതിന്റെ വിവക്ഷയും

പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ രാഷ്ട്രപതിയുടെ അനുമതിയ്ക്കായി അയച്ചിരിക്കുകയാണെന്നതുകൊണ്ട് മാത്രം ബില്ലിന്റെ സാധുതയെ സംശയിക്കുവാനുള്ള കാരണമാകുന്നില്ല. ഭരണഘടനാപരമായ വകുപ്പുകളുടെ വെളിച്ചത്തിൽ വേണം പരിസ്ഥിതിയുമായി ബന്ധപ്പെട്ട് പാസാക്കിയിട്ടുള്ള മറ്റു കേന്ദ്രനിയമങ്ങൾ തമ്മിലുള്ള പൊരുത്തക്കേട് സ്ഥാപിച്ചെടുക്കുവാൻ. ബില്ലിന്റെ സാധുത പ്രധാനമായും ചോദ്യം ചെയ്യപ്പെടുന്നത് രണ്ട് വിധത്തിലാണ്. അതിലൊന്ന് സംസ്ഥാനസർക്കാരിന്റെ നിയമനിർമ്മാണപരമായ യോഗ്യതയും മറ്റൊന്ന് സംസ്ഥാനനിയമവും കേന്ദ്രനിയമങ്ങളും തമ്മിലുള്ള പൊരുത്തക്കേടുമാണ്. സംസ്ഥാനസർക്കാരിന്റെ നിയമനിർമ്മാണപരമായ യോഗ്യതയെ സംബന്ധിക്കുന്ന ഭരണഘടനാവകുപ്പ് പരിശോധിച്ചാൽ ബില്ലിന്റെ തർക്കവിഷയം സംസ്ഥാന ലിസ്റ്റിലെ ഒന്നിലധികം വകുപ്പുകളിൽ പരാമർശിക്കുന്നുണ്ടെന്ന വസ്തുത ബോധ്യമാകും. ആയതുകൊണ്ട് കേര

ള നിയമസഭയ്ക്ക് ബിൽ പാസ്സാക്കുവാനുള്ള അധികാരമുണ്ട്. മറ്റു പരിസ്ഥിതിനിയമങ്ങളുടെ സാന്നിധ്യവും പ്രത്യേകിച്ച് ദേശീയഹരിത ട്രിബ്യൂണൽ ആക്ട്, 2010 ഉം ബില്ലിന്റെ സാധുതയെ ബാധിക്കുന്നതായി തോന്നിച്ചാലും യഥാർത്ഥ പ്രശ്നം അതല്ല. ദേശീയഹരിത ട്രിബ്യൂണൽ ആക്ടിൽ പറയാത്ത പ്രശ്നങ്ങൾ ബിൽ ഉന്നയിക്കുന്നതിനാൽ ബിൽ പാർലമെന്റ് പാസാക്കിയിട്ടുള്ള മറ്റ് പരിസ്ഥിതിനിയമങ്ങൾക്ക് ഉപോദ്ബലകമാകുന്നു. ബില്ലിന്റേയും അതുമായി ബന്ധപ്പെട്ടുള്ള കേന്ദ്ര നിയമ ങ്ങളുടേയും ഒന്നിച്ചുള്ള നിലനില്പ് സാധ്യവും ന്യായവുമായ സംഗതിയാണ്.

ബില്ലിന്റെ ഭരണഘടനാപരമായ സാധുതയുടെ പ്രശ്നമെന്നത്, ഭരണ ഘടനാപരമായ വകുപ്പുകളുടെ അടിസ്ഥാനത്തിലുള്ള ബില്ലിന്റെ സാധുതയെ സ്ഥാപിച്ചെടുക്കേണ്ടതിനെപ്പറ്റിയുള്ള ചോദ്യമല്ല. അതിന് അതിലും വ്യാപ്തമായ അർത്ഥധ്വനികളുള്ളതിനാൽ വിശാലമായ നിയമപരവും രാഷ്ട്രീയവും ആയ പശ്ചാത്തലത്തിൽ വേണം ആയതിനെ വിലയിരുത്താൻ.

ഏകദേശം ഒരു ദശാബ്ദത്തോളമായി പ്ലാച്ചിമടയിലെ കൊക്കകോള കമ്പനിക്കെതിരായ പൊതുജനസമരം തുടർന്നു കൊണ്ടിരിക്കുകയാണ്. കേരള സർക്കാർ രൂപീകരിച്ച ഒരു കമ്മിറ്റി പ്ലാച്ചിമടയിൽ കമ്പനി വരുത്തിയ നാശനഷ്ടങ്ങളെ സ്ഥിരീകരിച്ചു കൊണ്ടുള്ള ഒരു റിപ്പോർട്ട് 2010 ൽ സമർപ്പിക്കുകയുണ്ടായി. പ്രശ്നത്തിന്റെ ഈ ഒരു പ്രധാന്യം ഉന്നയിക്കപ്പെടാതെ പോകരുത്. ബാധ്യതയെപ്പറ്റിയും നഷ്ടപരിഹാരത്തെപറ്റിയുമുള്ള പ്രശ്നങ്ങൾ നിയമപരമായി തീരുമാനിക്കപ്പെടേണ്ടതും അന്തിമമായി പരിഹരിക്കേണ്ടതുമാണ്. ആയതിനാൽ കേരള സർക്കാറിന്റെ ശ്രമങ്ങളെയെല്ലാം പിന്തുണയ്ക്കുകയും ശക്തിപ്പെടുത്തുകയുമാണ് വേണ്ടത്. ബില്ലിനെതിരായി വാദിക്കുന്നത് ഉചിതമല്ല. ബില്ലിന്റെ ഭരണഘടനാപരമായ സാധുതയെക്കുറിച്ച് ഇനിയും സംശയം ഉയരുകയാണെങ്കിൽ അത് തീരുമാനിക്കുവാൻ കോടതിയ്ക്ക് വിട്ടുകൊടുക്കുകയാണ് വേണ്ടത്. അതൊരിക്കലും ഗവൺമെന്റിന്റെ ഭരണ നിർവ്വഹണ സമിതിയുടെ അധികാരപരിധിയ്ക്കുള്ളിൽ പെട്ടതല്ല.

കോടതി, ബില്ലിന്റെ ഭരണഘടനാപരമായ സാധുതയെ അംഗീകരിക്കുന്നില്ലെങ്കിൽക്കൂടിയും അത് ബാധ്യതയെപ്പറ്റിയും നഷ്ടപരിഹാരത്തെപ്പറ്റിയും ഉള്ള ചോദ്യങ്ങളെ അപ്രസക്തമാക്കുന്നു എന്ന് അർത്ഥമില്ല. ആയതിനാൽ ബില്ലിന്റെ ഭരണഘടനാപരത ബന്ധപ്പെട്ടിരിക്കുന്നത് ബാധ്യതയെപ്പറ്റിയും നഷ്ടപരിഹാരത്തെപ്പറ്റിയും ഉള്ള പ്രശ്നങ്ങളെ ഉന്നയിക്കുന്ന ഒരു നടപടിയുടെ നിയമപരമായ സാധുതയോടാണ്. മേൽ പറഞ്ഞ നടപടി ദുർബലമോ നിയമപ്രാബല്യമില്ലാത്തതോ ആണെങ്കിൽ മറ്റൊരു ശക്തവും, പ്രാപ്തവുമായ, നിയമപരമായി പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുന്ന വിധത്തിലുള്ള ഒരു സംവിധാനം ആസൂത്രണം ചെയ്യുവാൻ സർക്കാർ ബാധ്യസ്ഥനാണ്.

**ബാധ്യതയെപ്പറ്റിയും നഷ്ടപരിഹാരത്തെപറ്റിയുമുള്ള പ്രശ്നങ്ങൾ നിയമപരമായി തീരുമാനിക്കപ്പെടേണ്ടതും അന്തിമമായി പരിഹരിക്കേണ്ടതുമാണ്. ബില്ലിനെതിരായി വാദിക്കുന്നത് ഉചിതമല്ല. ബില്ലിന്റെ ഭരണഘടനാപരമായ സാധുതയെക്കുറിച്ച് ഇനിയും സംശയം ഉയരുകയാണെങ്കിൽ അത് തീരുമാനിക്കുവാൻ കോടതിയ്ക്ക് വിട്ടുകൊടുക്കുകയാണ് വേണ്ടത്**

ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന ബില്ലിന്റെ ഭരണഘടനാപരതയെ സംബന്ധിക്കുന്ന ചർച്ചയ്ക്ക് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധത്തിന് പല അർത്ഥതലങ്ങളും നൽകുന്നു. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ആരോഗ്യപരമായ ഒരു ബന്ധം ഭരണഘടന വിഭാവനം ചെയ്യുന്നു. കേന്ദ്രത്തിന്റേയും സംസ്ഥാനങ്ങളുടെയും നിയമനിർമ്മാണപരമായ ശേഷിയെ പറ്റി ഭരണഘടനയിൽ വളരെ വ്യക്തമായി വേർതിരിക്കപ്പെട്ടിട്ടുണ്ട്. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ പരസ്പരം മറ്റൊന്നിന്റെ അധികാരപരിധിയിലെയ്ക്ക് അതിക്രമിച്ചു കയറുന്നത് നിയമവിരുദ്ധം മാത്രമല്ല, അത് ഇരു ഭാഗങ്ങളും തമ്മിൽ അനാരോഗ്യകരമായ ഒരു രാഷ്ട്രീയബന്ധത്തിലേയ്ക്ക് വഴിതെളിച്ചേക്കും. അതിനാൽ സ്വന്തം നിയമനിർമ്മാണാധികാരം സംസ്ഥാനങ്ങളുടെ നിയമനിർമ്മാണാധികാരത്തിലേയ്ക്ക് കടന്നുകയറുന്നത് നിയന്ത്രിക്കാൻ വേണ്ട എല്ലാ മുൻകരുതലുകളും കേന്ദ്രമെടുക്കേണ്ടതാണ് (അതുപോലെ സംസ്ഥാനവും). അതിനാൽ രാജ്യത്ത് ആവശ്യമായ പരിസ്ഥിതി നിയമങ്ങൾ നിലനിൽക്കുന്നു എന്ന ദുർബലമായ കാരണം നിരത്തി ബിൽ നിർവീര്യമാക്കുവാനുള്ള കേന്ദ്രഗവൺമെന്റിന്റെ ഏതൊരു നടപടിയും അതിരു കടന്ന അധികാരപ്രയോഗമായേ കാണാൻ കഴിയൂ. ഇത് കേന്ദ്രവും കേരളവും തമ്മിലുള്ള ബന്ധത്തേക്കാളുപരി രാജ്യത്തെ മറ്റെല്ലാ സംസ്ഥാനങ്ങളുമായുള്ള കേന്ദ്രത്തിന്റെ ബന്ധത്തിനെ സാരമായി ബാധിക്കുന്നതാണ്. ഭേദപ്പെട്ട കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള ബന്ധത്തിനായി ബില്ലും ബന്ധപ്പെട്ട എല്ലാ കേന്ദ്രനിയമങ്ങളും ഒത്തുപോകുന്നതിന്റെ സാധ്യതക്കായി അന്വേഷണം നടത്തേണ്ടിയിരിക്കുന്നു.

ദേശീയ ഹരിതട്രിബ്യൂണലുമായുള്ള ബന്ധത്തിന്റെ വെളിച്ചത്തിലായിരിക്കണം ബില്ലിന്റെ ഭരണഘടനാപരതയെ സംബന്ധിക്കുന്ന തർക്കവിചാരം വീക്ഷിക്കേണ്ടത്. 2010 ഒക്ടോബറിൽ പ്രാവർത്തികമായ ദേശീയ ഹരിതട്രിബ്യൂണൽ നിയമമാണ് ബാധ്യതയെപ്പറ്റിയും നഷ്ടപരിഹാരത്തെപ്പറ്റിയുമുള്ള പ്രശ്നങ്ങളെ ഉന്നയിക്കുന്ന നിയമസംവിധാനം. ഇതൊരു പുതിയ നിയമനടപടിയായതിനാൽ ദേശീയ ഹരിതട്രിബ്യൂണലിനെ പറ്റി ജനങ്ങൾക്കിടയിൽ വിശ്വാസം സ്ഥാപിക്കേണ്ടത് വളരെ പ്രധാനമാണ്. ഇന്ത്യയിലെ നിയമവ്യവസ്ഥയ്ക്ക് പരിസ്ഥിതി സംബന്ധമായി വരുന്ന പ്രശ്നങ്ങളോട് അനുഭാവമുള്ളതും നീതി പ്രദാനം ചെയ്യുന്നതിൽ പ്രതിബദ്ധതയുള്ളതുമാണ് എന്ന സന്ദേശം ഉയർത്തിപ്പിടിക്കേണ്ടത് ആവശ്യമാണ്. പ്ലാച്ചിമടയിലെ പ്രശ്നം തീരുമാനിക്കുന്നതിനും പരിഹരിക്കുന്നതിനുമായി രൂപീകരിക്കപ്പെട്ട ഒരു നിയമസംവിധാനം സർക്കാറിന്റെ അനുഭാവവും പ്രതിബന്ധതയും തെളിയിക്കുന്നതിനുള്ള ഒരവസരമാണ്. പൊതുബാധ്യതയെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിയമസംവിധാനത്തിന്റെ കഴിവിനെപ്പറ്റി ഇത് ജനങ്ങളിൽ ആത്മവിശ്വാസം വളർത്തുകയും ദേശീയ ഹരിതട്രിബ്യൂണലിനെ കൂടുതൽ ശാക്തീകരിക്കുകയും ചെയ്യും.